ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഇല്ലെന്നാണ് തോന്നുന്നത്. ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ. നീലകണ്ഠപിള്ള പണ്ടാരത്തിൽ : Lump sum പ്രൊവിഷൻ കൊള്ളിച്ചതിനുശേഷം ചിറയിൻകീഴിലും, തിരുവനന്തപുരം ഈസ്റ്റിലും കമ്മിറ്റി കൂടിയിട്ടുണ്ട് എന്നു് അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : 25 ലക്ഷം രൂപ "ലംപ്സം" പ്രൊവിഷൻ ആണ്. അതിനുശേഷമാണ് കമ്മിറ്റി കൂടുന്നതു്. ഏതായാലും സെൻട്രൽ കമ്മിറ്റി കൂടുന്നതിനു മുമ്പു് സബ്ബ് കമ്മിറ്റി കൂടുന്നതാണ്.

ശ്രീ. എൻ. നീലകണ്ഠപിള്ള പണ്ടാരത്തിൽ : രണ്ടുമാസത്തിലൊരിക്കലെങ്കിലും കമ്മിറ്റി കൂടണമെന്നു് നിബന്ധന ഉണ്ടായിരിക്കെ അങ്ങനെ കൂടാത്തതു് എന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : അതേപ്പറ്റി അന്വേഷിക്കാം.

ഹൈവേസ് നന്നാക്കുന്ന വകയ്ക്കു നീക്കിവച്ചിട്ടുള്ള തുക.

* 471. [2] ശ്രീ. എൻ. നീലകണ്ഠപിള്ള പണ്ടാരത്തിൽ : താഴെകാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 സാമ്പത്തിക വർഷത്തിൽ കേന്ദ്രഗവണ്മെന്റിൽ നിന്നു നമ്മുടെ സംസ്ഥാനത്തിലേയ്ക്കു് പ്രൊവിൻഷ്യൽ ഹൈവേസ് നന്നാക്കുന്നവകയ്ക്കു് എത്ര തുക നീക്കിവച്ചിരുന്നു ;

(ബി) ഇതിൽ എത്ര തുക ചെലവായി ; ഏതെല്ലാം റോഡുകൾക്കു് ;

(സി) നെടുമങ്ങാട്–ഷൊർലക്കാട് റോഡു് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞകൊല്ലം ചെലവിടുന്നതിനു് എത്ര രൂപ ചേർത്തിരുന്നു ; ഇതു് ചെലവിടുകയുണ്ടായിട്ടുണ്ടോ ;

(ഡി) ഇക്കൊല്ലം ഈ റോഡിൽ എത്ര തുക ചെലവാക്കാനുദ്ദേശിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 16,56,200 രൂപ

(ബി) 10,71,543 രൂപാ. നെടുമങ്ങാട് – ഷൊർലക്കാട് റോഡു്, ചങ്ങനാശേരി – തൊടുപുഴറോഡു്, ആനമലറോഡു്, കോട്ടയം–കുമിളിറോഡു്, ഈ റോഡുകൾ കഴിഞ്ഞവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) 5,31,150 രൂപ.

(ഡി) അഞ്ചു ലക്ഷം രൂപ കൊള്ളിച്ചിരിക്കുന്നു.

ശ്രീ. എൻ. നീലകണ്ഠപിള്ള പണ്ടാരത്തിൽ : കഴിഞ്ഞകൊല്ലം ഈ തുക ചെലവാകാത്തതു് എന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : സാമഗ്രികൾ ആവശ്യമുള്ളതു് കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നെടുമങ്ങാട്–ഷൊർല ക്കാട് റോഡിനു് അഞ്ചുകൊല്ലത്തിനു മുൻപു് എസ്റ്റിമേറു തയാറാക്കി അയച്ചിട്ടില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ടു്.

ശ്രീ. പി. കെ. കുഞ്ഞു് : നാഷണൽ ഹൈവേസ് റോഡിനു് എത്ര വീതി വേണം?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസു് വേണം.

ശ്രീ. പി. കെ. കുഞ്ഞു് : വഴി ആരാണു് തിരഞ്ഞെടുക്കുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : ഇവിടത്തെ റെക്കമെൻഡേഷൻ അനുസരിച്ചു് സെൻട്രൽ ഗവണ്മെൻറു് തിരഞ്ഞെടുക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞു് : ഇങ്ങനെ വഴി തിരഞ്ഞെടുക്കുമ്പോൾ സ്ഥലവാസികളായ ജനങ്ങൾക്കു് ചിലപ്പോൾ വൈഷമ്യങ്ങൾ ഉണ്ടാകുമെന്നു് അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ വന്നേയ്ക്കാം. പക്ഷെ സെൻട്രൽ ഗവണ്മെൻറു് തിരഞ്ഞെടുക്കുകയാണു് ചെയ്യുന്നതു്. വൈഷമ്യമുണ്ടെങ്കിൽ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരാം.

ശ്രീ. പി. കെ. കുഞ്ഞു: ഇതിനെ സംബന്ധിച്ചു് സെൻട്രൽ ഗവണ്മെൻറു് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ടൗണുകളെ ഇതിൽ നിന്നും ഒഴിവാക്കണമെന്നും മറ്റും പറഞ്ഞിട്ടുണ്ടു്. അതു് അനുസരിക്കാതെ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദു് : സർ, പായിൻറു് ആഫ് ആർഡർ. പ്രൊവിൻഷ്യൽ ഹൈവേസിനെക്കുറിച്ചാണു് ചോദ്യം. നാഷണൽ ഹൈവേസിനെക്കുറിച്ചുള്ള ഡിസ്ക്കഷൻ അനുവദിക്കാമോ?

Mr. SPEAKER : The hon. member is right.

ഗ്രാമസേവികമാർ.

* 472. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമസേവകരായി പ്രവർത്തനം നടത്തുവാൻ യോഗ്യതയുള്ള സ്ത്രീകളെ തെരഞ്ഞെടുക്കുവാൻ ഗവണ്മെൻറു് ഒരു ബോർഡു രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം;

(സി) തെരഞ്ഞെടുക്കുന്നവർക്കു് എത്ര കൊല്ലത്തെ പരിശീലനമാണു് നൽകുന്നതു്;

(ഡി) പരിശീലനത്തിൻറെ സ്വഭാവം എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly